1 മനമേ പക്ഷിഗണങ്ങളുണർ-
ന്നിതാ പാട്ടു പാടിടുന്നു
മനമേ നീയുമുണർന്നിട്ടേശു
പരനെപ്പാടി സ്തുതിക്ക

2 മനമേ നിന്നെപ്പരമോന്നതൻ
പരിപാലിക്കുന്നതിനെ
നിനച്ചാൽ നിനക്കുഷസ്സിൽ
കിടന്നുറങ്ങാൻ കഴിഞ്ഞീടുമോ

3 മൃഗജാലങ്ങളുണർന്നീടുന്ന
സമയത്തു നീ കിടന്നു
മൃഗത്തേക്കാളും നിർവ്വിചാരി-
യായുറങ്ങാതെന്റെ മനമേ

4 മരത്തിൻ കൊമ്പിലിരിക്കും
പക്ഷിയുരയ്ക്കും ശബ്ദമതു
കേട്ടുറക്കം തെളിഞ്ഞുടനേ
നിന്റെ പരനെപ്പാടി സ്തുതിക്ക

5 പരനേശുതാനതിരാവിലെ
വനമായൊരു സ്ഥലത്തിൽ
പരിചോടുണർന്നെഴുന്നു
പ്രാർത്ഥിച്ചിതു നീ
ചിന്തിച്ചീടുക

6 ഒരു വാസരമുഷസ്സായപ്പോൾ
പീലാത്തോസിന്റെ അരികിൽ
പരനേശുവൊരജംപോൽ
നിന്ന നില നീ ചിന്തിച്ചീടുക

7 പരനെ തള്ളിപ്പറഞ്ഞ
പത്രോസതിരാവിലെ സമയം
പെരുത്ത ദുഃഖം നിറഞ്ഞു
പുറത്തിറങ്ങി പൊട്ടിക്കരഞ്ഞു

8 മറിയാമതിരാവിലേശുവേ
കാണാഞ്ഞിട്ടുള്ളം തകർന്നു
കരയുന്നതെന്തതുല്യ
സ്നേഹം മനമേ
നിനക്കതുണ്ടോ!

1 Maname pakshiganangalunar-
Nnithaa paattu paadidunnu
Maname neeyumunarnnittesu
Paraneppaadi sthuthikka

2 Maname ninneparamonnathan
Paripaalikkunnathine
Ninachaal ninakkushassil
Kidannurangan kazhinjeedumo

3 Mrugajalangalunarnneedunna
Samayathu nee kidannu
Mrugathekkaalum nirvvichari-
Yaayurangaathente maname

4 Marathin kompilirikkum
Pakshiyuraykkum shabdamathu
Ketturakkam thelinjudane
Ninte paraneppaadi sthuthikka

5 Paranesuthaanathiraavile
Vanamaayoru sthalathil
Parichodunarnnezhunnu
Praarthichithu nee
chinthicheeduka

6 Oru vaasaramushasayappol
Peelaathosinte arikil
Paranesuvora jampol
Ninna nila nee chinthicheeduka

7 Parane thallipparanja
Pathrosathiraavile samayam
Perutha duhkham niranju
Purathirangi pottikkaranju

8 Mariyaamathiraavilesuve
Kaanaanjittullam thakarnnu
Karayunnathenthathulya
Sneham maname
Ninakkathunto!